ട്രാവൻകൂർ-കൊച്ചി മെഡിക്കൽ കൗൺസിലുകളുടെയും കേരള നഴ്സസ് ആന്റ് മിഡ് വൈവ്സ് കൗൺസിലിന്റെയും രജിസ്ട്രാറുടെ നിയമന മാനദണ്ഡം

194 (3384) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാവൻകൂർ-കൊച്ചി മെഡിക്കൽ കൗൺസിലുകളുടെയും കേരള നഴ്സസ് ആന്റ് മിഡ്-വൈവ്സ് കൗൺസിലിന്റെയും രജിസ്ട്രാറുടെ നിയമനത്തിലുള്ള മാനദണ്ഡം എന്താണ് ;

(ബി) ഇപ്പോഴത്തെ രജിസ്ട്രാർ ഏതു വകുപ്പിൽ ഏതു തസ്തികയിലാണ് സേവനമനുഷ്ഠിച്ചിരിക്കുന്നത് ;

(സി) അവിടെ അതേ തസ്തികയിൽ ജോലി ചെയ്തിരുന്ന എല്ലാവരുടേയും സമ്മതം വാങ്ങിയ ശേഷമാണോ പ്രസ്തുത നിയമനം നടത്തിയത് ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

ഉത്തരം

(എ) 1953-ലെ ട്രാവൻകൂർ - കൊച്ചി മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്റ്റിലേയും 1953 ലെ നഴ്സസ് ആന്റ് മിഡ്വൈവ്സ് ആക്റ്റിലേയും വ്യവസ്ഥകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള 1990 ലെ സ്പെഷ്യൽ റൂളുകളിൽ രജിസ്ട്രാരുടെ നിയമത്തിനുള്ള മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന നിയമവകുപ്പിൽ സെക്ഷൻ ഓഫീസർ (ഹയർഗ്രേഡ്) ആയി സേവനം അനുഷ്ഠിച്ചിരുന്നു.

(സി & ഡി) രജിസ്ട്രാരുടെ നിയമനം നടത്തുന്നതിനായി 22-5-1999 ലെ 19753/ സ്പെഷ്യൽ 1/99/അ.കു.വ നമ്പർ സർക്കുലർ മുഖേന സെക്രട്ടേറിയറ്റിലെ ധനകാര്യം, നിയമം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളിൽ നിന്നും അപേക്ഷ ക്ഷണിച്ചിരുന്നു.

മെഡിക്കൽ കോളേജ് അദ്ധ്യാപകർക്ക് യു.ജി.സി. വ്യവസ്ഥ ചെയ്യുന്ന ശമ്പള പദ്ധതി

195 (3385) ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. ജോസ് ബേബി :
ശ്രീമതി ആർ. ലതാ ദേവി :
ശ്രീ. സി.എൻ. ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ മെഡിക്കൽ കോളേജ് അദ്ധ്യാപകർക്ക് യു.ജി.സി. വ്യവസ്ഥ ചെയ്യുന്ന ശമ്പള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ ഇവർക്ക് യു.ജി.സി. ശമ്പളപദ്ധതി നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പരിഷ്ക്കരണം എന്നത്തേയ്ക്ക് നടപ്പിലാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) 25-9-1999-ലെ ജി.ഒ.(എം.എസ്.) 393/99/ആ.കു.വ എന്ന ഉത്തരവു പ്രകാരം കേരളത്തിലെ മെഡിക്കൽ കോളേജ് അദ്ധ്യാപകർക്ക് എ.ഐ.സി.ടി.ഇ. സ്കെയിൽ അനുവദിക്കുന്നകാര്യം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇതിനു വേണ്ടിയുള്ള മേൽ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

(സി) എത്രയും പെട്ടെന്ന് നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

പരിയാരം മെഡിക്കൽ കോളേജിലെ പ്രവർത്തനം

196 (3386) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിയാരം മെഡിക്കൽ കോളേജിന്റെ പ്രവർത്തനത്തിനുവേണ്ടി കഴിഞ്ഞ മൂന്നുവർഷങ്ങളിൽ ചെലവഴിച്ച തുക വാർഷികാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ;

(ബി) സഹകരണ മേഖലയിൽ പ്രവർത്തനം ആരംഭിച്ച പ്രസ്തുത കേളേജിലെ അദ്ധ്യാപക- അനദ്ധ്യാപക നിയമനങ്ങൾ നടത്തിയതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കോളേജിലെ സ്ഥിരം നിയമനങ്ങൾ നടത്തിയിട്ടില്ലാത്ത തസ്തികകളിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലൂടെ നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കഴിഞ്ഞ മൂന്നു വർഷങ്ങളിൽ ചെലവഴിച്ച തുക ചുവടെചേർക്കുന്നു.

1996-97	663.55 ലക്ഷം രൂപ
1997-98	2267.41 ലക്ഷം രൂപ
1998-99	4408.76 ലക്ഷം രൂപ

(ബി) 9-2-1997-ൽ പരിയാരം മെഡിക്കൽ കോളേജ് മാനേജ്മെന്റ് സർക്കാർ താല്കാലികമായി ഏറ്റെടുക്കുന്നതിന് മുൻപ് പത്രത്തിൽ പരസ്യം ചെയ്ത് അപേക്ഷകൾ ക്ഷണിച്ച് എഴുത്തുപരീക്ഷയും ഇന്റർവ്യൂവും

LIBRARY ARCHIVES Kerala Legislative Assembly